ച്ച നടപ്പിലാക്കുക.

1) ഇന്ത്യാ ഗവണ്മെണ്ടിന്റെ ശാസ്ത്രീയസാങ്കേതിക പദാവലികൾക്കായുള്ള സ്ഥിരം കമ്മീഷൻ തയ്യാറാക്കിയ സാങ്കേതികപദങ്ങൾ മലയാളഭാഷയോട് പൊരുത്തപ്പെടുത്തി സ്വീകരിക്കുക.

2) സർവ്വകലാശാലാ നിലവാരത്തിൽ വിഭിന്നവിഷയങ്ങളിൽ, പ്രത്യേകിച്ച്, സയൻസിലും ടെക്നോളജിയിലും, പ്രാദേശികഭാഷാഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രയത്നങ്ങളെ സംഘടിപ്പിക്കുകയും സമ്മാനങ്ങളും മറ്റു പ്രചോദനങ്ങളും നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3) ഭാരതീയഭാഷകളിലൂടെ ഫലപ്രദമായി അധ്യാപനം നിർവ്വഹിക്കുന്നതിനുള്ള കഴിവ് സർവ്വകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകർക്ക് കൈവരുത്തുന്നതിനായി സെമിനാറുകൾ, ഗ്രീഷ്മകാലവിദ്യാലയങ്ങൾ, വർക്ക്ഷാപ്പുകൾ മുതലായവവഴി ഓറിയന്റേഷൻ കോഴ്സുകൾ സംഘടിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്യുക.

4) പ്രാദേശികഭാഷകളിലെ അടിസ്ഥാന ശബ്ദാവലികൾ ശേഖരിക്കുക, വിവരണാത്മകവ്യാകരണങ്ങൾ നിർമ്മിക്കുക.

5) മാതൃഭാഷയെന്ന നിലയിലും രണ്ടാംഭാഷയെന്ന നിലയിലും ഭാരതീയഭാഷകൾ വിഭിന്നതലങ്ങളിൽ പഠിക്കാനും പഠിപ്പിക്കാനുമുള്ള ക്രമീകൃതപദ്ധതികളും സഹായഗ്രന്ഥങ്ങളും രൂപപ്പെടുത്തുക.

6) ദ്വിഭാഷാ/ബഹുഭാഷാ നിഘണ്ടുകൾ, എൻസൈക്ലോപീഡിയകൾ മുതലായ ആധാരഗ്രന്ഥങ്ങൾ തയ്യാറാക്കുക.

7) മികച്ച ഗ്രന്ഥങ്ങളും ക്ലാസിക്കുകളും അന്യഭാഷകളിൽനിന്നു മലയാളത്തിലേക്കും മലയാളത്തിൽനിന്ന് അന്യഭാഷകളിലേക്കും വിവർത്തനംചെയ്യുക; മലയാളഗ്രന്ഥങ്ങൾ മറ്റു ലിപികളിലും അന്യഭാഷാഗ്രന്ഥങ്ങൾ മലയാളലിപിയിലും പ്രസിദ്ധപ്പെടുത്തുക.

8) ദ്വിഭാഷാ/ബഹുഭാഷാപണ്ഡിതന്മാരെയും വിവർത്തകരെയും പരിശീലിപ്പിക്കാൻ കോഴ്സുകൾ നടത്തുക.

9) ഭാരതീയഭാഷകളുടെ വികാസത്തോടും അവയിൽ ഗവേഷണത്തോടും ബന്ധപ്പെട്ട ജനസാഹിത്യം ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുക.

10) പ്രാദേശികഭാഷയിലും ഗോത്രഭാഷകളടക്കമുള്ള ഭാരതീയ ഭാഷകളിലും പ്രായോഗിക പ്രാധാന്യമുള്ള ഭാഷാശാസ്ത്രവിഷയങ്ങൾ സംബന്ധിച്ച ഗവേഷണം ചെയ്യുക.

11) പ്രാദേശികഭാഷയുടേയും മറ്റു ഭാരതീയഭാഷകളുടേയും വികസനത്തിനും പുരോഗതിക്കും സഹായിക്കുന്ന സെമിനാറുകൾ സമ്മേള

പ്രഭ, കെ. സി. രാമകൃഷ്ണപിള്ള, എൻ. വി. കൃഷ്ണവാരിയർ (മെമ്പർ–സെക്രട്ടറി) എന്നിവരാണുള്ളത്.

## ഇനിയും വേണ്ടിവരും

ഭാഷകൾ, സാമൂഹ്യശാസ്ത്രങ്ങൾ, ഭൗതികശാസ്ത്രങ്ങൾ, ജൈവശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രങ്ങൾ എന്നിവയ്ക്കായി അഞ്ചു ഡിപ്പാർട്ടുമെന്റുകളാണ് ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിലുള്ളത്. പ്രവർത്തനം മുന്നോട്ടുപോകുമ്പോൾ ഇനിയും ഡിപ്പാർട്ടുമെന്റുകൾ വേണ്ടിവരും. കോളേജിലേക്കുവേണ്ട വിവിധ പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധംചെയ്യലാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യമായ ഒരു പ്രവർത്തനം. ഓരോന്നിലും 500 പേജുകളുള്ള 740–ഓളം പുസ്തകങ്ങൾ ഈ ഇനത്തിൽ ഉണ്ടാക്കേണ്ടിവരും. അവരുടെ നിർമ്മാണമാരംഭിക്കുന്നതിനുമുമ്പ് അവയിലുപയോഗിക്കേണ്ട ശാസ്ത്രീയ സാങ്കേതിക പദങ്ങൾ വ്യവസ്ഥപ്പെടുത്തേണ്ടിയിരിക്കുന്നു. ഇന്ത്യാഗവണ്മെണ്ട് ശാസ്ത്രീയ–സാങ്കേതിക പദനിർമ്മിതിക്കായി രൂപവൽക്കരിച്ചിട്ടുള്ള സ്ഥിരം കമ്മീഷൻ പതിനാറോളം നിഘണ്ടുക്കൾ ഇതിനകം പ്രസിദ്ധംചെയ്തിട്ടുണ്ട്. കുറെ ഇനി പ്രസിദ്ധംചെയ്യാനുമുണ്ട്. ഈ നിഘണ്ടുക്കളിലെ പദങ്ങളിൽ സ്വീകാര്യമായവ അങ്ങിനെതന്നെ മലയാളത്തിൽ സ്വീകരിക്കും. മറ്റുള്ളവ പുതുതായി നിർമ്മിക്കേണ്ടിവരും. ഇതാണ് ഇൻസ്റ്റിറ്റ്യൂട്ട് ആദ്യമായി ഏറ്റെടുത്തിരിക്കുന്നതും.

മലയാളത്തിലൂടെ പഠിപ്പിക്കാൻ നമ്മുടെ കോളേജുകളിലെയും സർവ്വകലാശാലകളിലെയും അധ്യാപകർക്ക് ആഭിമുഖ്യവും പ്രാപ്തിയും ഉളവാക്കേണ്ടിയിരിക്കുന്നു. ഇതിനായി വിപുലമായ അടിസ്ഥാനത്തിൽ സെമിനാറുകൾ, ഗ്രീഷ്മകാല വിദ്യാലയങ്ങൾ, പണിപ്പുരകൾ മുതലായവ നടത്താനും ഇൻസ്റ്റിറ്റ്യൂട്ടിന് ഉദ്ദേശമുണ്ട്.

## മാധ്യമ പരിവർത്തനം— ചില നിർദ്ദേശങ്ങളും

ചോദ്യം:—ഭരണം മലയാളത്തിലായിരിക്കേണ്ടതിന്റെ പ്രാധാന്യം അങ്ങ് നേരത്തെ ഊന്നിപ്പറഞ്ഞുവല്ലൊ. അതു പ്രായോഗികമാക്കാനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

കൃഷ്ണവാരിയർ: — ഭരണത്തിന്റെ എല്ലാതലങ്ങളിലും മലയാളം ഔദ്യോഗികഭാഷയായി ഒരു നിശ്ചിത തീയതിമുതൽ ഉപയോഗിക്കുമെന്നു പ്രഖ്യാപിക്കുന്ന ഒരു പുതിയ ബില്ല് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയാണാദ്യം വേണ്ടതു. മലയാളം ഭരണഭാഷയായി നടപ്പിൽവരുത്തുന്നതിനു ചുമതലപ്പെട്ട ഒരു ഔദ്യോഗിക ഭാഷാക്കമ്മിറ്റി സെക്രട്ടേറിയറ്റ് ലെവലി

ൾ ഇതിനകം പുറത്തുവന്നു കഴിഞ്ഞിരിക്കുന്നു. ഒന്നാംലക്കത്തിന്റെ പ്രസിദ്ധീകരണോദ്ഘാടനം ജൂൺ 15–ാംനു കോഴിക്കോട് ടൌൺഹാളിൽവെച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ: ഡി. എം. ഫ്രാൻസിസ് നിർവ്വഹിച്ചു. വിജ്ഞാനത്തെ ബഹുജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക, ബഹുജനങ്ങളെ വിജ്ഞാനത്തിലേക്കാകർഷിക്കുക, എന്നീ ദ്വിമുഖമായ കർത്തവ്യമാണ് വിജ്ഞാന കൈരളിക്ക് നിർവ്വഹിക്കാനുള്ളത്. മൂന്നാഴ്ച നീണ്ടുനിന്ന ഒരു വർക്ക്ഷാപ്പുൾപ്പെടെ 6 സെമിനാറുകൾ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിരുന്നു. മോഡൽ ക്ലാസ്സുകൾ, സിമ്പോസിയം എന്നിവയും നടത്തുകയുണ്ടായി. ഇതിനെല്ലാം പുറമെ വിവിധ വിഭാഗങ്ങളിൽ പുസ്തകനിർമ്മാണ പ്രക്രിയകൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. സോഷ്യൽ സയൻസ് വിഭാഗത്തിൽമാത്രം 225 പുസ്തകങ്ങൾ തയ്യാറാക്കുന്നുണ്ടെന്ന് പറഞ്ഞാൽ ഈ പരിപാടിയുടെ വൈപുല്യം മനസ്സിലാക്കാമല്ലോ. 1969–ലെ രണ്ടാമത്തെ പകുതിയിൽ ദിവസം 60 മുതൽ 70വരെ പേജുകൾ തയ്യാറാക്കാനാണ് പരിപാടി. 1970ന്റെ ആദ്യപകുതിയിൽ ദിവസമൊന്നുക്ക് 120 മുതൽ 150 വരെയും രണ്ടാമത്തെ പകുതിയിൽ 200മുതൽ 220വരെയും പേജുകൾ തയ്യാറാകും. 1971മുതൽ 1973വരെയുള്ള വർഷങ്ങളിൽ നിത്യേന 250മുതൽ 300വരെ പേജുകൾ ദിവസമൊന്നുക്ക് തയ്യാറാക്കുന്നതുമാണ്. ഈ പ്രക്രിയയുടെ വൈപുല്യം ശരിക്കും മനസ്സിലാക്കുന്നതിനാണ് ഇതിവിടെ എടുത്തുകാട്ടിയത്. (സ്ഥലദൌർബ്ബല്യത്താൽ ഇത:പര്യന്തമുള്ള പ്രവർത്തനങ്ങളുടെ വിവരണം ഇവിടെ അവസാനിപ്പിക്കുകയാണ്.) ഒട്ടാകെ 750 പുസ്തകങ്ങളാണ് തയ്യാറാക്കാനുള്ളത്.

മലയാളത്തിൽ ഇത്രയും വിപുലമായ രീതിയിൽ പുസ്തകങ്ങൾ നിർമ്മിക്കാനുള്ള പരിപാടി ഉണ്ടായിട്ടും ആരും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നില്ലെന്നു വാരിയർ അഭിപ്രായപ്പെട്ടു. അതുപോലെതന്നെ സർവ്വകലാശാല ചെയ്യേണ്ടതാണ് ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതെന്ന ആക്ഷേപവും പൊന്തിവന്നിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയും പരിപാടിയും എന്താണെന്നു ശരിക്കും മനസ്സിലാക്കാത്തതുകൊണ്ടുള്ള കുഴപ്പങ്ങളാണിതൊക്കെ എന്നും വാരിയർ തുടർന്നു പറഞ്ഞു. ഭാഷാസ്ഥാപനം തയ്യാറാക്കുന്ന പുസ്തകങ്ങൾ സർവ്വകലാശാല അംഗീകരിക്കുന്നില്ലെങ്കിലോ, എന്ന പ്രശ്നവും അവശേഷിക്കുന്നു.

എന്തായാലും ഭരണമാധ്യമം അടിയന്തിരമായി മലയാളമാക്കാത്തേട